**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4663** | **25/06/2019 ൽ മറുപടിക്ക്**

# കാഷ്യൂ ബോർഡിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ | | ഉത്തരം<br>ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കാഷ്യൂ ബോർഡ് നടത്തുന്ന തോട്ടണ്ടി ഇടപാടിന് നിലവിലുണ്ടായിരുന്ന വ്യവസ്ഥകളിൽ എന്തെങ്കിലും ഇളവുകൾ അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കശുവണ്ടി വ്യവസായ മേഖലയിൽ പൊതുവേ നിലനിൽക്കുന്ന മാനദണ്ഡങ്ങൾ ക്കനുസൃതമായ വ്യവസ്ഥകളാണ് കേരള കാഷ്യൂബോർഡിന്റെ തോട്ടണ്ടി ഇറക്കുമതിക്ക് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളത്. ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഇ-ടെണ്ടർ സംവിധാനത്തിലൂടെ ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഇ-ടെണ്ടർ ഒഴിവാക്കി ആഗോളതലത്തിലുള്ള സീൽഡ് ടെണ്ടർ സംവിധാനം സ്വീകരിക്കാൻ കാഷ്യൂബോർഡിന് ആദ്യഘട്ടത്തിൽ അനുമതി നൽകിയിരുന്നു. ഇപ്പോൾ ഇ-ടെണ്ടർ വഴി തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള സംവിധാനമാണ് നിലവിലുള്ളത്. |
| (ബി) | തോട്ടണ്ടി ഇറക്കുമതി മേഖലയിൽ വ്യാപകമായുണ്ടായിരുന്ന ക്രമക്കേടുകൾ തടയുന്നതിനായി കൊണ്ടുവന്ന കാഷ്യൂ ബോർഡിന്റെ പ്രവർത്തനം തൃപ്തികരമാണോ; വിലയിരുത്തുമോ? | (ബി) | തൃപ്തികരമാണ്. കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്നും തുടർച്ചയായി തോട്ടണ്ടി ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റേയും കീഴിലുള്ള ഫാക്ടറികൾക്ക് ലഭ്യമാക്കി വരുന്നു. ഏകദേശം 17000 ടൺ തോട്ടണ്ടി ഇതിനകം ഇപ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. അസംസ്കൃത കശുവണ്ടിയുടെ ലഭ്യതയും ന്യായവിലയും ഉറപ്പാക്കാൻ കാഷ്യൂബോർഡിന്റെ പ്രവർത്തനത്തിലൂടെ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ